## ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി.ജോസ്നാമോൾ എസ്)

വിഷയം :- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം :- (1) ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 01.10.2015 തീയതിയിലെ ഇ4-4/14 നമ്പർ ഉത്തരവ്

(2) ഈ ആഫീസിലെ 01.10.2015 ലെ ഇതേ നമ്പർ ഉത്തരവ്

(2) ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 03.10.2015 തീയതിയിലെ ഇ4-4/14 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ എ2- 624/15 (4) തീയതി : 03.10.2015**

പരാമർശം (1) പ്രകാരം ക്ലാർക്കുമാരെ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ജില്ലയിലേക്ക് അലോട്ടമെന്റ് ലഭിച്ച സീനിയർ ക്ലാർക്ക്മാർക്ക് പരാമർശം (2) പ്രകാരം നിയമനം നൽകി ഉത്തരവ് നൽകിയിരുന്നു. പരാമർശം (1) പ്രകാരം ഈ ജില്ലയിലേക്ക് അലോട്ട് ചെയ്യുകയും പരാമർശം (2) പ്രകാരം വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലേക്ക് നിയമിക്കുകയും ചെയ്ത ശ്രീമതി.ലക്ഷ്മി ആർ നായർ എന്ന ജീവനക്കാരിയെ പരാമർശം (3) പ്രകാരം പത്തനംതിട്ട ജില്ലയിലേക്ക് റീ അലോട്ട് ചെയ്യുകയും, ആലക്കോട് ഗ്രാമ പഞ്ചായത്തിലെ ശ്രീ.കണ്ണൻ റ്റി കെ യെ ഇടുക്കി ജില്ലയിലേക്ക് അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലേക്ക് നിയമിച്ച ശ്രീമതി. ലക്ഷ്മി.ആർ.നായർ-ന് പകരം ശ്രീ.കണ്ണൻ റ്റി കെയെ ടി പഞ്ചായത്തിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ക്ലാർക്കുമാർ 26.2.11 ലെ ജി.ഒ(പി)85/2011 ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ശമ്പളനിർണ്ണയത്തിനുള്ള ഓപ്ഷൻ ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തി വിവരം യഥാവിധി ബന്ധപ്പെട്ട ആഫീസുകളിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് ഇതുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

2015- പൊതു തെരെഞ്ഞെടുപ്പ് സംബന്ധമായ ജോലികൾ നടക്കുന്നതിനാൽ ഈ ഉത്തരവിലെ ജീവനക്കാർക്ക് പ്രവേശന കാലം അനുവദിക്കുന്നല്ല.

(ഒപ്പ്)
ജോസ്നാമോൾ എസ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
(പൂർണ അധിക ചുമതല)

ആജ്ഞാനുസരണം

സൂപ്രണ്ട്.

നൽകുന്നത്:

1) വ്യക്തികൾക്ക് (ആഫീസ് മേധാവി മുഖാന്തിരം)
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
4) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
5) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി.
6) പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാർക്ക്
7) ഐ.കെ.എം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
8) കരുതൽ/അധികം